പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1589 — 21-03-2012-ലെ മറുപടിക്ക്

# കാസർഗോഡ് ജില്ലയിലെ അടയ്ക്കാകർഷകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ അടയ്ക്കാകർഷകർക്ക് കഴിഞ്ഞ സർക്കാർ ഏതെങ്കിലും പ്രത്യേക പാക്കേജോ ആനുകൂല്യമോ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ എപ്പോൾ നൽകി; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | 12-01-2011 ലെ സർക്കാർ സ.ഉ.(എം.എസ്)നം.16/2011/കൃഷി പ്രകാരം കാസർഗോഡ് ജില്ലയിലെ അടയ്ക്കാകർഷകർക്ക് വേണ്ടി 10 കോടി രൂപയുടെ അടയ്ക്കാ പാക്കേജിന് ഭരണാനുമതിയും, 1-2-2011 ലെ സ.ഉ.(എം.എസ്)നം.32/2011/കൃഷി പ്രകാരം പ്രസ്തുത പാക്കേജിന്റെ നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകുകയുണ്ടായി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മറ്റ് ക്രമീകരണങ്ങൾ എല്ലാം പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ സാധിക്കാത്തതിനാൽ ആനുകൂല്യങ്ങൾ ഇതുവരെ നൽകിയിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ അടയ്ക്കാകർഷകർക്കുവേണ്ടി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ അടയ്ക്കാകർഷകർക്കുവേണ്ടി പുതുതായി ആനുകൂല്യങ്ങളൊന്നും പ്രഖ്യാപിച്ചിട്ടില്ല. |
| (സി) | കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളും പരിഗണനകളുമാണ് ഇപ്പോൾ ജില്ലയിലെ കർഷകർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ